**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 317** **16-09-2025 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം തടയുന്നനതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനും കുറഞ്ഞവിലക്ക് പൊതുജനങ്ങൾക്ക് ഭക്ഷ്യസാധനങ്ങൾ എത്തിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെയുള്ള അവശ്യ വസ്തുക്കൾ എല്ലാം ഉല്പാദക സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരേണ്ട സാഹചര്യം നിലനിൽക്കുന്നു. 1965 മുതൽ നിലനിന്ന സാർവ്വത്രിക റേഷനിംഗ് NFSA നിയമം നടപ്പാക്കാപ്പെട്ടതേടുകൂടി സംസ്ഥാന ജനസംഖ്യയുടെ 43% വരുന്ന മുൻഗണന വിഭാഗത്തിന് മാത്രമായി ചുരുങ്ങി. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ വെട്ടിച്ചുരുക്കപ്പെട്ട സംസ്ഥാനത്തിന്റെ ഭക്ഷ്യധാന്യവിഹിതം പുനഃസ്ഥാപിക്കണമെന്ന കേരളത്തിന്റെ ഒറ്റക്കെട്ടായ ആവശ്യം കേന്ദ്ര സർക്കാർ പരിഗണിച്ചില്ല. ഓണക്കാലത്തെങ്കിലും മുൻഗണന ഇതര വിഭാഗത്തിനു കൂടി വിതരണം ചെയ്യാൻ കഴിയും വിധം ടൈഡ് ഓവർ നിരക്കിൽ അരി നൽകണമെന്ന സംസ്ഥാനത്തിന്റെ ആവശ്യവും നിരാകരിക്കപ്പെട്ടു. ഈ പ്രതികൂല സാഹചര്യങ്ങൾക്ക് എല്ലാം ഇടയിലും ഭക്ഷ്യ പൊതുവിതരണ രംഗത്ത് എല്ലാവിഭാഗം ജനങ്ങളെയും ചേർത്ത് പിടിച്ച് മുന്നോട്ട് പോകുന്ന സമീപനമാണ് കഴിഞ്ഞ് 9 വർഷക്കാലമായി എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പൊതുവിപണിയിൽ കർശനമായി ഇടപ്പെട്ട് വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുക എന്ന സ്ഥാപിത ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സപ്ലൈകോയുടെ വില്പനശാലകൾ എല്ലാ നിയോജകമണ്ഡലങ്ങളിലേയും എല്ലാ തദ്ദേശ സ്ഥാപന പരിധിയിലും പ്രവർത്തിക്കുന്നുണ്ട്. 13 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന ഗണ്യമായ സബ്സിഡിയോടെയും മറ്റ് നിത്യോപയോഗ വസ്തുക്കൾ പൊതുവിപണിയിക്കാൾ വിലക്കുറവിലും സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി നൽകി വരുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനം പാലിച്ചുകൊണ്ട് 2016 മുതൽ |

2024 ഫെബ്രുവരി വരെയും വിലവർദ്ധന കൂടാതെയാണ് ഈ സബ്സിഡി സാധനങ്ങൾ നൽകിയിരുന്നത്. പിന്നീട് 2024 ഫെബ്രുവരി മുതൽ സബ്സിഡി നിരക്കുകൾ കാലാനുസൃതമായും യുക്തിസഹമായും പരിഷ്കരിച്ചു.

ഈ ഓണത്തോടനുബന്ധിച്ച് നിരവധി പ്രവർത്തനങ്ങളാണ് വിലക്കയറ്റം തടയുന്നതിനും പൊതുജനങ്ങൾക്ക് യഥേഷ്ടം സാധനങ്ങൾ ലഭ്യമാക്കുന്നതിനുമായി വകുപ്പിന്റെ ഭാഗത്ത് നിന്നും നടത്തിയത്.

റേഷൻകടകൾ വഴി ഓണത്തിന് സ്പെഷ്യൽ അരി

പി.എച്ച്.എച്ച്. (പിങ്ക്) കാർഡിന് നിലവിലുള്ള സൗജന്യ അരി വിഹിതത്തിനു പുറമെ 5 കിലോഗ്രാം അരി 10.90 രൂപ നിരക്കിൽ ലഭ്യമാക്കി.

എൻ.പി.എസ്. (നീല) കാർഡിന് നിലവിലുള്ള അരി വിഹിതത്തിനു പുറമെ 10 കിലോഗ്രാം അരി 10.90 രൂപ നിരക്കിൽ ലഭ്യമാക്കി.

എൻ.പി.എൻ.എസ്. (വെള്ള) കാർഡിന് ആകെ 15 കിലോഗ്രാം അരി 10.90 രൂപ നിരക്കിൽ ലഭ്യമാക്കി.

എ.എ.വൈ.(മഞ്ഞ) കാർഡിന് ഒരു കിലോ പഞ്ചസാര ലഭ്യമാക്കി.

എല്ലാവിഭാഗം റേഷൻ കാർഡുകാർക്കും മണ്ണെണ്ണ വിഹിതം ഉറപ്പാക്കി. ആദ്യ പാദത്തിലെ മണ്ണെണ്ണ വിഹിതം വാങ്ങാത്ത AAY കാർഡുകൾക്ക് 2 ലിറ്റർ മണ്ണെണ്ണയും മറ്റുവിഭാഗം കാർഡുകാർക്ക് 1 ലിറ്റർ മണ്ണെണ്ണയും രണ്ടു പാദത്തിലേയും ചേർത്ത് ഓഗസ്റ്റ് മാസം അനുവദിച്ചു.
സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനും കുറഞ്ഞവിലക്ക് പൊതുജനങ്ങൾക്ക് ഭക്ഷ്യസാധനങ്ങൾ എത്തിക്കുന്നതിനും സപ്ലൈകോ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതു വിപണിയിൽ കാര്യക്ഷമമായി ഇടപെട്ട് വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുക എന്നതാണ് സപ്ലൈകോയുടെ സ്ഥാപിത ലക്ഷ്യം. ആയതിന്റെ ഭാഗമായി അരി, പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ, മല്ലി, മുളക് തുടങ്ങിയ 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ (പൊതു വിപണിയേക്കാൾ 20 മുതൽ 35 ശതമാനം വിലക്കുറവിൽ) എല്ലാ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും നിയന്ത്രിത അളവിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നു. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി

സപ്ലൈകോ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്ന പദ്ധതി**

പൊതു വിപണിയിൽ ഇടപെട്ട് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെയാണ് സപ്ലൈകോ സ്ഥാപിതമായിട്ടുള്ളത്. ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, വെളിച്ചെണ്ണ, മട്ട അരി, ജയ അരി, കുറുവ അരി, പച്ചരി എന്നീ 13 ഇനം അവശ്യ സാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലകൾ വഴി സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻകാർഡുടമകൾക്കും സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്നു. പൊതു വിപണി വിലയേക്കാൾ 20% മുതൽ 35% വരെ വിലക്കുറവിലാണ് പ്രസ്തുത സാധനങ്ങളുടെ സബ്സിഡി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. നിലവിലെ സബ്സിഡി വില വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.

സപ്ലൈകോ വഴി പ്രതിമാസം ശരാശരി 30 ലക്ഷം മുതൽ 45 ലക്ഷം വരെ കുടുംബങ്ങൾക്ക് ഇത്തരത്തിൽ സബ്സിഡി ആനുകൂല്യം ലഭിച്ചു. ഈ ഓണക്കാലത്ത്, പൊതുവിപണിയുമായി താരതമ്യം ചെയ്യുമ്പോൾ 2025 ആഗസ്റ്റ് മാസം മാത്രം ഏകദേശം 52 കോടി രൂപയുടെ ആനുകൂല്യം റേഷൻ കാർഡ് ഉടമകൾക്ക് ലഭിച്ചിട്ടുണ്ട്. ഈ വർഷം ഉത്രാടം നാൾ (സെപ്തംബർ-4) വരെയുള്ള സബ്സിഡി വിതരണം കണക്കാക്കിയാൽ റേഷൻ കാർഡ് ഉടമകൾക്ക് ലഭിച്ച ആനുകൂല്യം ഏകദേശം 60 കോടി രൂപ വരുന്നതാണ്.

**2. ഫ്രീസെയിൽ സബ്സിഡി നിരക്കിൽ വിൽപ്പന**

ന്യായ വിലയ്ക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി സപ്ലൈകോ നാല്പതോളം ഇനം ഭക്ഷ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 5 മുതൽ 30 ശതമാനം വരെ കുറഞ്ഞ വിലയിൽ [ഫ്രീസെയിൽ സബ്സിഡി നിരക്കിൽ (FSSR) ] വിൽപ്പന നടത്തി വരുന്നുണ്ട്.

**3. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ഉൽപ്പന്നങ്ങളുടെ വിൽപ്പന**

ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട, പുട്ടുപൊടി, അപ്പം പൊടി, മട്ട അരി, ജയ അരി, കുറുവ അരി എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം

ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 15 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തിവരുന്നു.

**4. നിത്യോപയോഗ സാധനങ്ങളുടെ വില്പന**

ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, പ്രമുഖ ബ്രാൻഡുകളുടെ FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

**5. ഉത്സവ കാലങ്ങളിൽ വിവിധ ഫെയറുകൾ സംഘടിപ്പിക്കുന്നത്-**

സംസ്ഥാനത്ത് ഓണം, വിഷു, ഈസ്റ്റർ, റംസാൻ, ക്രിസ്മസ് മുതലായ ഉത്സവ കാലങ്ങളിൽ സപ്ലൈകോ ഫെയറുകൾ സംഘടിപ്പിക്കാറുണ്ട്. ഈ വർഷവും സപ്ലേകോ വിവിധ ഉത്സവ കാല ഫെയറുകൾ സംഘടിപ്പിച്ച് പൊതു ജനങ്ങൾക്ക് ന്യായമായ വിലയിൽ അവശ്യ ഭക്ഷ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും യഥേഷ്ടം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരു പ്രമുഖ വിൽപ്പനശാല 26-03-25 മുതൽ 30-03-25 വരെ റംസാൻ ഫെയറുകളായി പ്രവർത്തിപ്പിച്ചു. കൂടാതെ എല്ലാ താലൂക്കിലെയും ഒരു പ്രമുഖ സപ്ലൈകോ വിൽപ്പനശാല 10-04-2025 തീയതി മുതൽ 19-04-2025 വരെ വിഷു- ഈസ്റ്റർ ഫെയർ എന്ന നിലയിൽ പ്രവർത്തിപ്പിച്ചു.

ഈ ഓണക്കാലത്ത് 13 ജില്ലകളിൽ പ്രത്യേകമായും ഇടുക്കിയിൽ സപ്ലൈകോ വിൽപ്പനശാലയോട് ചേർന്നും ജില്ലാ ഫെയറുകൾ സംഘടിപ്പിച്ചു. കൂടാതെ ജില്ലാ ഫെയറുകൾ ഇല്ലാത്ത 126 നിയോജക മണ്ഡലങ്ങളിൽ പ്രമുഖ സപ്ലൈകോ വിൽപ്പനശാലയോട് ചേർന്ന് ഓണച്ചന്തകൾ സംഘടിപ്പിച്ചു. ഇതിനുപുറമേ 140 നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ഓണച്ചന്തകൾ നിശ്ചിത ഷെഡ്യൂളുകൾ പ്രകാരം പ്രവർത്തിപ്പിച്ചു.

**6. സൗജന്യ ഓണക്കിറ്റുകളുടെ വിതരണം**

2025 ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ AAY വിഭാഗം കാർഡ് ഉടമകൾക്ക് 26-08-2025 മുതൽ 11-09-2025 ഉച്ചവരെ ഏകദേശം 5,70,309 സൗജന്യ ഓണക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ചെങ്ങറ സമരഭൂമിയിൽ ഉൾപ്പെട്ട 426 കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | അതോടൊപ്പം സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് നാലു പേർക്ക് ഒരു കിറ്റ് എന്ന കണക്കിന് പതിനായിരത്തോളം ഓണക്കിറ്റുകൾ സപ്ലൈകോ വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. ആയത് വിതരണം ചെയ്തുവരുന്നു. ഇതിനു പുറമേ ഓണക്കാലത്ത് സപ്ലൈകോ സ്വന്തം ബ്രാൻഡായ ശബരി സിഗ്നേച്ചർ കിറ്റ് , സമൃദ്ധി കിറ്റ് എന്നിവയും കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എഫ്.സി.ഐ. യിൽ നിന്ന് OMSS Scheme ൽ ലഭ്യമായ ഓണം സ്പെഷ്യൽ പച്ചരിയും പുഴക്കൽ അരിയും കിലോഗ്രാമിന് 25/- രൂപ നിരക്കിൽ പരമാവധി 20 കിലോ വരെ വിൽപ്പന നടത്തി വരുന്നു. നിലവിലെ 8 കിലോഗ്രാം അരിയ്ക്ക് പുറമേയാണിത്.<br><br>പൊതു വിപണിയിൽ വെളിച്ചെണ്ണ വില ക്രമാതീതമായി (ലിറ്ററിന് 529/- രൂപയിലധികം) ഉയർന്ന സാഹചര്യത്തിൽ, 25-08-2025 മുതൽ റേഷൻ കാർഡ് ഉടമകൾക്ക് സബ്സിഡിയുൾപ്പെടെയുള്ള ശബരി വെളിച്ചെണ്ണ ലിറ്ററിന് 339/- രൂപ നിരക്കിലും പൊതുജനങ്ങൾക്ക് നോൺ-സബ്സിഡി ശബരി വെളിച്ചെണ്ണ 1 ലിറ്ററിന് 389/- രൂപ നിരക്കിലും സപ്ലൈകോ വിൽപ്പനശാലകൾ വഴി ലഭ്യമാക്കി. കൂടാതെ 25-08-2025 മുതൽ റേഷൻ കാർഡ് ഉടമകൾക്ക് ആഗസ്റ്റ് മാസത്തെ സബ്സിഡിയുൾപ്പെടെയുള്ള ശബരി വെളിച്ചെണ്ണയോടോപ്പം സെപ്റ്റംബർ മാസത്തെയും വാങ്ങുന്നതിനുള്ള സൗകര്യമൊരുക്കി. ഇതിനു പുറമേ സെപ്റ്റംബർ 3, 4 തീയതികളിൽ സപ്ലൈകോ വിൽപ്പനശാലകളിൽ നിന്ന് 1500/- രൂപയോ അതിൽ കൂടുതലോ തുകയ്ക്ക് സബ്സിഡിയിതര സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് പ്രത്യേക ഓഫറായി 1 ലിറ്ററിന് 339/-രൂപ നിരക്കിൽ ശബരി വെളിച്ചെണ്ണ നൽകി. സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോ മുഖേന സ്വീകരിച്ച നടപടികൾ ഒരു പിരധിവരെ സഹായകരമായിട്ടുണ്ട്. |
| (ബി) | നെല്ല് സംഭരണം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് കേന്ദ്രവിഹിതമായി ലഭിക്കേണ്ട തുക പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര രൂപയാണ് വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതമായി കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ളതെന്ന് അറിയിക്കുമോ? | (ബി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി ലഭിക്കേണ്ട തുക പൂർണ്ണമായും ലഭിച്ചിട്ടില്ല. 2017 മുതൽ വിവിധ കാരണങ്ങൾ ചൂണ്ടിക്കാണ്ടി കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിരിക്കുന്ന 1206.69 കോടി രൂപ ഉൾപ്പെടെ 2306.69 കോടി രൂപ ഈ ഇനത്തിൽ കുടിശ്ശികയുണ്ട്. എന്നാൽ ഈ കാലയളവിലെ ഉൾപ്പെടെ സംഭരിച്ച നെല്ലിന്റെ വില മുഴുവൻ കർഷകർക്കും സംസ്ഥാന സർക്കാർ നല്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു . |

സെക്ഷൻ ഓഫീസർ

# അനുബന്ധം l

| 13 ഇനം സബ് സിഡി സാധനങ്ങളും അവയുടെ നിലവിലെ വിലയും അനുവദനീയമായ പരമാവധി അളവും | | | |
|---|---|---|---|
| ക്രമ നമ്പർ | ഇനം | സബ് സിഡി വിൽപ്പന വില രൂപ | സബ് സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
| 1 | ചെറുപയർ (1 കി. ഗ്രാം) | 90 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് (1 കി. ഗ്രാം) | 90 | 1 കിലോ ഗ്രാം |
| 3 | കടല (1 കി. ഗ്രാം) | 65 | 1 കിലോ ഗ്രാം |
| 4 | വൻപയർ (1 കി. ഗ്രാം) | 70 | 1 കിലോ ഗ്രാം |
| 5 | തുവര പരിപ്പ് (1 കി. ഗ്രാം) | 93 | 1 കിലോ ഗ്രാം |
| 6 | മുളക് (1 കി. ഗ്രാം) | 110 | 1 കിലോ ഗ്രാം |
| 7 | മല്ലി (500 ഗ്രാം) | 39 | 500 ഗ്രാം |
| 8 | പഞ്ചസാര (1 കി. ഗ്രാം) | 33 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ സബ്സിഡി ½ ലിറ്റർ | 140 | ½ ലിറ്റർ |
| 10 | ജയ അരി (1 കി. ഗ്രാം) | 33 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി (1 കി. ഗ്രാം) | 33 | |
| 12 | മട്ട അരി (1 കി. ഗ്രാം) | 33 | |
| 13 | പച്ചരി (1 കി. ഗ്രാം) | 29 | |
| മേൽപ്പറഞ്ഞ സാധനങ്ങൾക്ക് നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്ത് നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ്. | | | |

അനുബന്ധം II

| FY | Amount Claimed(in cr) | Sanctioned amount (in cr) | Pending amount from GOI (in cr) | Remarks |
|---|---|---|---|---|
| 2017-18 | 742.68 | 736.31 | 6.37 | Normal reduction-Available only after accounts finalisation |
| 2018-19 | 538.2 | 531.66 | 6.54 | Normal reduction-Available only after accounts finalisation |
| 2019-20 | 1221.76 | 1125.11 | 96.65 | 1. Excess offtake adjusted for tide over quantity of 35074.316/MT which leads to reduction in Rs.82.54Cr from the claimed amount<br>2. Rs.14.11cr is the normal reduction |
| 2020-21 | 1269.25 | 1254.15 | 15.1 | Rs 15.10 cr is due to normal reduction. |
| 2021-22 | 1380.91 | 1349.02 | 31.89 | 1. Rs.11.33cr is reduced due to diff in rate of Rs.2600/MT For the Quantity 116197.51/MT<br>2. Rs.20.56cr is the normal reduction. |
| 2022-23 | 1491.64 | 1140.41 | 351.23 | 1.Excees distribution from Mapper report in PHH scheme (difference in qty)of 66028.93 MT Rs 207.56 cr<br>2. Reduction of rates due to excess collection of amount of Rs.2600/MT from beneficiary of Tide over category-Rs.38.15cr<br>3. 7 % reduction in sanctioned amount due to non submission of Audited accounts (as per PPI) dated 24.02.2020 ) Rs 85.84 cr<br>4. Rs 19.68 cr is due to normal reduction |
| 2023-24 | 1311.1 | 1183.8 | 127.3 | 1. Rs.62.14cr is reduced due to non submission of audited accounts<br>2. Rs.38.76cr is reduced due to the difference in rate of Rs.2600/MT for the quantity 147599.674/MT<br>3. Rs.13.96cr is reduced as per MAPPER report difference in quantity of 3851.020/MT<br>4. Rs12.44 cr is the normal reduction |
| 2024-25 | 1210.14 | 1003.68 | 206.46 | Claim submitted and same is under process. |
| 2025-26 | 350.12 | 242.38 | 107.74 | Provisional Claim for April 25 for Rs.78.24cr, May25 for Rs.80.78 cr June 25 for Rs:90.50cr &July 25 for Rs:100.60 cr for FY 2025-26 has Submitted.(Total Claim amt. Rs: 350.12cr) |
| 2017-18 to 2022-23 | 257.41 | 0 | 257.41 | 2017-18 to 2022-23 (Transportation claim submitted to GOI) |
| **TOTAL** | **9773.2** | **8324.14** | **1206.69** | |